പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5032

04.07.2012-ൽ മറുപടിക്ക്.

## വനിതാ പോലീസ് സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഇ. എസ്. ബിജിമോൾ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) വനിതാ പോലീസ് ഓഫീസർമാർക്ക് പ്രൊമോഷൻ തസ്തികകളിൽ 10% സംവരണം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; | : (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) താലൂക്ക് തലത്തിലോ മുനിസിപ്പാലിറ്റി തലത്തിലോ വനിതാ സെല്ലുകൾ സ്ഥാപിക്കുവാൻ നടപടി കൈക്കൊള്ളുമോ ; | : (ബി) വനിതാ പോലീസുകാരെ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ 300 പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചിട്ടുണ്ട്. ഇത് മറ്റു പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് കൺട്രോൾ റൂമുകളിലും വനിതകൾക്കായി കോൾ സെന്ററും ഒരു Quick Action Team-നെയും സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഈ സാഹചര്യത്തിൽ വനിതാ സെല്ലുകൾ താലൂക്ക് തലത്തിലോ മുനിസിപ്പാലിറ്റി തലത്തിലോ സ്ഥാപിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല. |
| (സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സ്വതന്ത്ര അധികാരം വനിതാ ഓഫീസർമാർക്ക് നല്കുവാൻ നടപടി സ്വീകരിക്കുമോ ; | : (സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമം അന്വേഷിക്കുമ്പോൾ വനിതാ പോലീസ് ഓഫീസർമാരുടെ സേവനം ഇപ്പോൾ ഉപയോഗിച്ച് വരുന്നുണ്ട്. കൂടാതെ നേരിട്ട് സബ്ഇൻസ്പെക്ടർമാരായി പി.എസ്.സി.വഴി നിയമനം നടത്തുമ്പോൾ അവയിൽ ഇനി മുതൽ സ്ത്രീകൾക്കും അപേക്ഷിക്കാവുന്നതാണ്. |

(മറുപുറം)

| | |
|---|---|
| (ഡി) എല്ലാ ജില്ലയിലും വനിതാപോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ? | : (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ